**File No.DWCD/459/2022-A2**

**<u>വനിത ശിശു വികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>**

**(സാന്നിദ്ധ്യം : അനുപമ T.V IAS)**

വിഷയം : വനിതശിശു വികസന വകുപ്പ് - -Public Financial Management System (PFMS)- ജില്ല നോഡൽ ആഫീസർമാരായി ജില്ലാ വനിത ശിശു വികസന ആഫീസർമാരെ നിശ്ചയിച്ചും ജില്ലാ തല PFMS സെൽ രൂപീകരിച്ചും,- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) GO(RT)NO.458/2021/SJD dt:07/07/2021
2)വനിതാശിശുവികസന ഡയറക്ടറുടെ 18/11/2021 ലെ WCD/A4/8669/21 നം കത്ത്
3)വനിതാശിശുവികസന ഡയറക്ടറുടെ 11/01/2021 ലെ WCD/A4/7825/21 നം കത്ത്
4)വനിതാശിശുവികസന ഡയറക്ടറുടെ 28/02/2022 ലെ WCD/A4/8669/21 നം കത്ത്
5)വനിതാശിശുവികസന ഡയറക്ടറുടെ 16//03/2022 ലെ WCD/A4/8669/21 നം കത്ത്

**<u>ഉത്തരവ് നമ്പർ WCD/ A2/21646/21</u>   <u>തീയതി:</u> 25.03.2022**

കൺട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സും കേന്ദ്ര സർക്കാർ ധനകാര്യ വകുപ്പും ചേർന്ന് വികസിപ്പിച്ച് നടപ്പിലാക്കുന്ന Web based online software സംവിധാനമായ PFMS ( Public Financial Management System ) മുഖേനയാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫണ്ട് അനുവദിക്കേണ്ടത്. ഈ സിസ്റ്റം നടപ്പിലാകുന്നതിന്റെ ഭാഗമായി ഈ വകുപ്പ് മുഖേന നടപ്പിലാകുന്ന എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികകളുടെയും Single Nodal Agency ആയി വകുപ്പ് മേധാവിയെ നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ഡയറക്ടറേറ്റ് തലത്തിൽ ഓരോ കേന്ദ്രപദ്ധതിക്കും ബാങ്ക് അക്കൌണ്ടുകൾ ആരംഭിച്ച് PFMS പോർട്ടലിലെ Single Nodal Agency സിസ്റ്റത്തിൽ രജിസ്ട്രേഷൻ ഉൾപ്പെടെ എല്ലാ നടപടികളും പൂർത്തീകരിക്കുകയും ജില്ല തലത്തിൽ 12 കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ള ബാങ്കുകളിൽ Zero Balance Account ആരംഭിച്ച് PFMS ൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തികരിക്കുന്നതിന് പരാമർശം 2,3,4,5 പ്രകാരം ജില്ല വനിതാ ശിശുവികസന ആഫീസർമാരോടും പദ്ധതി നിർവഹണം നടത്തുന്ന കീഴ് കാര്യാലയ മേധാവികളോടും നിർദേശിച്ചിരുന്നു

(2) PFMS പോർട്ടലിനെ സംബന്ധിച്ചും ഇതിലൂടെയുള്ള ഫണ്ട് വിതരണത്തെ സംബന്ധിച്ചും ഇതിനോടകം തന്നെ Off line ആയും Online ആയും ഓരോ ട്രെയിനിങ്ങുകൾ വകുപ്പിലെ തിരഞ്ഞെടുക്കപ്പെട്ട ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം മുതൽ ഈ വകുപ്പ് മുഖേനയുള്ള എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും ഫണ്ട് വിതരണം നിയന്ത്രിക്കുന്നത് PFMS പോർട്ടൽ മുഖേനയായിരിക്കും. എന്നാൽ PFMS പോർട്ടൽ പരിശോധിച്ചതിൽ പദ്ധതികൾക്കായുള്ള Zero Balance Subsidiary Account അരംഭിക്കുന്നതിനും സ്കീം രജിസ്ട്രേഷൻ നടത്തുന്നതിനും നിരവധി കീഴ് കാര്യാലയ മേധാവികളുടെ ഭാഗത്ത് നിന്നും നടപടികൾ ഇതുവരെയും

ഉണ്ടായിട്ടില്ലായെന്നു കാണുന്നു. അടുത്ത സാമ്പത്തിക വർഷം മുതൽ PFMS Portal system വഴി മാത്രമേ കേന്ദ്ര സർക്കാർ ഫണ്ട് അനുവദിക്കുകയുള്ളൂ എന്നതിനാൽ ഈ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാ ക്കേണ്ടതായുണ്ട് .

(3) ഈ സാഹചര്യത്തിൽ PFMS Implementation ന്റെ ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിന് ജില്ലാ വനിതാശിശുവികസന ആഫീസർമാരെ നോഡൽ ആഫീസർമാരായി നിയോഗിച്ചും ജില്ലാതല PFMS സെൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി രൂപീകരിക്കുന്നതിന് ജില്ലാ വനിതാശിശുവികസന ആഫീസർമാരെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(a) പ്രോഗ്രാം ആഫീസുകളിലെ/ജില്ല ജില്ലാ വനിതാശിശുവികസന ആഫീസുകളിലെ സിനിയർ സുപ്രണ്ടന്റെ നേതൃത്വത്തിൽ ആണ് സെൽ രൂപികരികേണ്ടത്

(b) സിനിയർ സുപ്രണ്ടന്റെ അഭാവത്തിൽ ജൂനിയർ സുപ്രണ്ടിനു ചുമതല നൽകാവുന്നതാണ്

(c) ജില്ലാ തലത്തിൽ PFMS ഓൺലൈൻ, ഓഫ് ലൈൻ ട്രെയിനിംഗുകളിൽ പങ്കെടുത്തിട്ടുള്ള നല്ല കംപ്യൂട്ടർ പരിജ്ഞാനമുള്ള വിരമിക്കലിന് രണ്ടിൽ കൂടുതൽ വർഷം സർവ്വീസ് അവശേഷിക്കുന്നതുമായ പരമാവധി 10 ഉദ്യോഗസ്ഥരെയാണ് PFMS സെല്ലിൽ ഉൾപ്പെടുത്തേണ്ടത്

**ചുമതലകൾ**

(i) ഓരോ കീഴ് കാര്യാലയത്തിലും (ചൈൽഡ് ഏജൻസി) കേന്ദ്ര പദ്ധതികൾക്ക് നിശ്ചയിച്ച് നൽകിയിട്ടുള്ള ബാങ്കുകളിൽ തന്നെ അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ടെന്നു ഉറപ്പ് വരുത്തുക.

(ii) സ്കീം രജിസ്ട്രേഷൻ നടപടികൾ ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കുക ജില്ലാ

(iii) വനിതാശിശുവികസന ആഫീസർ മുഖേന സ്കീം അപ്രൂവൽ നടത്തുക

(iv) ഓരോ കീഴ് കാര്യാലയത്തിലും (ചൈൽഡ് ഏജൻസി) ഡേറ്റ എൻട്രി ഓപ്പറേറ്റർ, അപ്രൂവർ എന്നിവർക്കുള്ള login id ക്രിയേറ്റ് ചെയ്യപ്പെട്ടിട്ടുണ്ടെന്നു ഉറപ്പ് വരുത്തുക

(v) Vendors /Beneficiaries എന്നിവരെ PFMS Portal ൽ ചേർത്തിട്ടുണ്ടെന്നു (add) ഉറപ്പ് വരുത്തുക.

(vi) കീഴ് കാര്യാലയ ഉദ്യോഗസ്ഥർക്ക് PFMS പോർട്ടൽ സംബന്ധിച്ച ട്രെയിനിംഗ്

നൽകുക

(4) ആവശ്യമുള്ള പക്ഷം ആഫീസുകൾ സന്ദർശിക്കുന്നതിന് വാഹന സൗകര്യം ജില്ലാ വനിതാശിശുവികസന ആഫീസർമാരും നൽകേണ്ടതാണ്. ഓരോ അഞ്ച് (5) ദിവസത്തിലും ജില്ലാ വനിതാശിശുവികസന ആഫീസർമാർ പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതും പ്രശ്നങ്ങൾ യഥാ സമയം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയേണ്ടതുമാണ്. ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ ഗൌരവപൂർവ്വം വീക്ഷിക്കുന്നതായിരിക്കും

(5) PFMS സെൽ രൂപികരിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് യഥാ സമയം ഈ കാര്യാലയത്തിൽ അയച്ചു തരേണ്ടതാണ്

വനിതാശിശുവികസന ഡയറക്ടർ

എല്ലാകീഴ് കാര്യാലയ മേധാവികൾക്കും

സൂപ്രണ്ട് IT സെക്ഷൻ

സെക്ഷൻ/ സ്റ്റോക്ക് ഫയൽ/സ്പയർ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**